www.societytodaynews.com

2026
OCTOBER
29
THURSDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# 2027ൽ ഇന്ത്യൻ ഡീസൽ കയറ്റുമതി കുതിക്കും

**ന്യൂദൽഹി:** ഇന്ത്യയുടെ ഡീസൽ കയറ്റുമതി 2027 മുതൽ വൻതോതിൽ വർധിക്കുമെന്ന് റിപ്പോർട്ട്. രാജ്യത്തെ എണ്ണ ശുദ്ധീകരണ ശേഷി വർധിപ്പിക്കുന്നതും ആഗോള വിപണിയിൽ ഇന്ധന ലഭ്യത കുറയുന്നതുമാണ് ഇന്ത്യയ്ക്ക് പുതിയ അവസരങ്ങൾ തുറക്കുന്നത്. ആഗോള ഡീസൽ വിപണിയിൽ കൂടുതൽ ശക്തമായ സാന്നിധ്യമാകാനാണ് ഇന്ത്യയുടെ നീക്കം.

രാജ്യത്തെ പൊതുമേഖലാ എണ്ണ കമ്പനികൾ ഉൽപ്പാദന ശേഷി വർധിപ്പിക്കുന്നതോടെ അധിക ഡീസൽ കയറ്റുമതി ചെയ്യാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

2027ൽ പൊതുമേഖലാ റിഫൈനറികൾ സംയുക്തമായി ഡീസൽ ഉൽപ്പാദന ശേഷി പ്രതിവർഷം 1.65 കോടി ടൺ വർധിപ്പിക്കുമെന്നാണ് റിപ്പോർട്ട്. ഇതോടെ അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യയുടെ പങ്ക് കൂടുതൽ ശക്തമാകാൻ സാധ്യതയുണ്ട്.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്രതിവർഷം ഏകദേശം 1.8 കോടി ടൺ അധിക ശുദ്ധീകരണ ശേഷി കൂട്ടാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ എട്ട് ദശലക്ഷം ടണ്ണോളം അധിക ഡീസൽ ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്.

ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ രാജസ്ഥാനിലെ പുതിയ റിഫൈനറി സ്ഥിരതയാർജിക്കുന്നതോടെ അടുത്ത വർഷം ഏകദേശം 30 ലക്ഷം ടൺ ഡീസൽ ഉൽപ്പാദിപ്പിക്കാനും കഴിയും. ഭാരത് പെട്രോളിയവും അടുത്ത വർഷം മുതൽ 15 ലക്ഷം ടൺ അധിക ഡീസൽ ഉൽപ്പാദിപ്പിക്കാനാണ് പദ്ധതിയിടുന്നത്.

കൂടാതെ, അസമിലെ നുമാലിഗഡ് റിഫൈനറിയുടെ വികസനവും ഉൽപ്പാദനം വർധിപ്പിക്കാൻ സഹായിക്കും. റിഫൈനറിയുടെ ശേഷി 2027 മാർച്ചോടെ പ്രതിവർഷം 90 ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഏകദേശം 30 ലക്ഷം ടൺ അധിക ഡീസൽ ഉൽപ്പാദിപ്പിക്കാനാകും.

അതേസമയം, റഷ്യയുക്രെയ്ൻ സംഘർഷവും പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥയും ആഗോള ഇന്ധന വിതരണത്തെ ബാധിക്കുന്നുണ്ട്. ചില രാജ്യങ്ങളിലെ റിഫൈനറികളുടെ പ്രവർത്തന തടസ്സങ്ങളും കയറ്റുമതി നിയന്ത്രണങ്ങളും ഡീസൽ ലഭ്യതയിൽ സമ്മർദം സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ വിശ്വസനീയമായ വിതരണക്കാരെന്ന നിലയിൽ ഇന്ത്യയ്ക്ക് കൂടുതൽ വിപണികൾ കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

നിലവിൽ കടൽമാർഗമുള്ള ഡീസൽ കയറ്റുമതിയിൽ ഈ വർഷം അമേരിക്കയ്ക്ക് പിന്നിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യയെന്ന് കെപ്ലറിന്റെ കപ്പൽ ഗതാഗത വിവരങ്ങൾ വ്യക്തമാക്കുന്നു.

റിഫൈനറികളുടെ വികസനം തുടരുന്നതിനൊപ്പം 2030ഓടെ പ്രതിവർഷം 30 കോടി ടൺ എണ്ണ ശുദ്ധീകരണ ശേഷി കൈവരിക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ ഇത് 40 കോടി ടണ്ണായി ഉയർത്താനും പദ്ധതിയുണ്ട്.

ഇന്ധന കയറ്റുമതി വർധിക്കുന്നത് രാജ്യത്തിന് വിദേശനാണ്യ വരുമാനം കൂട്ടാൻ സഹായിച്ചേക്കാം. എന്നാൽ ആഭ്യന്തര ഇന്ധന ആവശ്യകത, ക്രൂഡ് ഓയിൽ വില, ആഗോള വിപണിയിലെ സാഹചര്യം എന്നിവയെ ആശ്രയിച്ചായിരിക്കും കയറ്റുമതിയിൽ നിന്നുള്ള നേട്ടം.

കൂടുതൽ ഉൽപ്പാദന ശേഷിയും ആഗോള വിപണിയിലെ ആവശ്യവും ഒത്തുചേരുന്നതോടെ ഇന്ത്യയുടെ എണ്ണ ശുദ്ധീകരണ മേഖല പുതിയ വളർച്ചാ ഘട്ടത്തിലേക്ക് കടക്കുമെന്നാണ് പ്രതീക്ഷ.



## ദീർഘകാല മൂലധന നേട്ട നികുതിയിൽ സമഗ്ര പരിഷ്ക്കാരം വരുന്നു

മുംബൈ: ഓഹരി വിപണിയിലേക്കുള്ള നിക്ഷേപകരുടെ ഒഴുക്കിന് തടസമാണെന്ന് ആരോപണം ഉയർന്ന, നികുതി ഘടന പൊളിച്ചെഴുതാൻ കേന്ദ്രസർക്കാർ. അടുത്ത ബജറ്റു വരെ കാത്തിരിക്കാതെ ദീപാവലിക്കു മുൻപു തന്നെ ഇക്കാര്യത്തിൽ പ്രഖ്യാപനമുണ്ടായേക്കും.

ഓഹരി, മ്യൂചൽ ഫണ്ട് നിക്ഷേപങ്ങൾക്ക് ബാധകമായ ദീർഘകാല മൂലധന നേട്ട നികുതിയിലാണ് (എൽടിസിജി) സമഗ്ര പരിഷ്ക്കാരം വരുന്നത്. ഓഹരി വിപണിയിൽ വലിയ മുന്നേറ്റത്തിന് കാരണമായേക്കാവുന്ന നീക്കമാണിത്.

ഓഹരിയോ മ്യൂചൽ ഫണ്ടോ 12 മാസത്തിലധികം കാലം കൈവശം വച്ച ശേഷം വിൽക്കുമ്പോൾ ഒരുസാമ്പത്തിക വർഷത്തിൽ 1.25 ലക്ഷം രൂപയിൽ കൂടുതൽ ലാഭമുണ്ടായാൽ നൽകേണ്ട നികുതിയാണിത്. ലഭിക്കുന്ന ലാഭത്തിന്റെ 12.5 ശതമാനമാണ് നികുതി.

ഒരു ലക്ഷം രൂപ ലാഭമുണ്ടായാൽ 10 ശതമാനമായിരുന്നു നേരത്തെയുണ്ടായിരുന്ന എൽടിസിജി. ഇത് 2024 ജൂലൈ ബജറ്റിൽ! വർധിപ്പിക്കുകയായിരുന്നു. ലിസ്റ്റഡ് കമ്പനികളുടെ ഓഹരികൾക്കു മാത്രമാണ് ഈ നികുതി ബാധകം. അൺലിസ്റ്റഡ് വിപണിയിലെ ഓഹരികൾക്ക് ഈ നികുതിയില്ല.

ദീർഘകാല മൂലധന നേട്ട നികുതി ഇന്ത്യൻ ഓഹരി വിപണിയിലേക്കുള്ള നിക്ഷേപങ്ങളെ ബാധിക്കുന്നതായാണ് സാമ്പത്തിക സ്ഥാപനങ്ങളുടെ വിലയിരുത്തൽ. നടപ്പു സാമ്പത്തിക വർഷം ഇന്ത്യൻ വിപണിയിൽ നിന്ന് 3 ലക്ഷം കോടി രൂപയ്ക്കു തുല്യമായ വിദേശനിക്ഷേപം പിൻവലിക്കപ്പെടാൻ കാരണവും ഈ അധിക നികുതിയാണെന്ന് ആരോപണം ഉയർന്നിട്ടുണ്ട്.

തുടർന്ന് ഇക്കാര്യത്തിൽ സെബി, സിബിഡിടി, ബാങ്കുകൾ എന്നിവരുമായി കേന്ദ്രസർക്കാർ ചർച്ച നടത്തി. ഇന്ത്യൻ ഓഹരി വിപണിയുടെ മത്സരക്ഷമ നിലനിർത്താനും വിദേശനിക്ഷേപകരെ ആകർഷിക്കാനും എൽടിസിജിയിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രസർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടെന്നാണ് ഉന്നത ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ.

ഇക്കാര്യത്തിൽ വിവിധ ഏജൻസികൾ നൽകിയ ശുപാർശകൾ ധനമന്ത്രാലയം പരിശോധിക്കുകയാണെന്നും ഉടൻ തീരുമാനമുണ്ടാകുമെന്നുമാണ് വിവരം.

നിലവിൽ യുഎസ്, യുകെ, സിംഗപ്പൂർ, ഹോങ്കോങ്, യുഎഇ, ജപ്പാൻ, കാനഡ തുടങ്ങിയ രാജ്യങ്ങളിൽ എൽടിസിജി ഈടാക്കുന്നില്ല. ചൈനയിൽ ചില ഓഹരികൾക്ക് നികുതി ഇളവുണ്ട്. മറ്റുള്ളവയ്ക്ക് 10 ശതമാനമാണ് എൽടിസിജി.

ഇന്ത്യയിലും സമാന രീതിയിൽ കുറഞ്ഞ നികുതി ഈടാക്കുമെന്ന പ്രഖ്യാപനമെത്തിയാൽ വിദേശനിക്ഷേപം കൂടുതലായി എത്താൻ സാധ്യതയുണ്ട്. ഇതോടെ ഓഹരി വിപണിയും മുന്നേറും. ഇന്ത്യൻ രൂപയ്ക്കും ഇത് കരുത്താകും.




## കേരളത്തിലേക്കുള്ള വിദേശ നിക്ഷേപത്തിൽ വൻ വർധന

**തിരുവനന്തപുരം:** കേരളത്തിന്റെ നിക്ഷേപ മേഖലയ്ക്ക് പ്രതീക്ഷ പകർന്ന് വിദേശ നിക്ഷേപത്തിൽ വൻ വർധന. ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് പുറത്തുവിട്ട കണക്കുകൾ പ്രകാരം 2026 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മൂന്ന് മാസത്തിനിടെ സംസ്ഥാനത്ത് 4,646 കോടി രൂപയുടെ വിദേശ ഓഹരി നിക്ഷേപമാണ് എത്തിയത്.

കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 1,624 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം മൂന്നിരട്ടിയാണ് ഇത്തവണത്തെ വർധന. സംസ്ഥാനത്തിന്റെ വ്യവസായനിക്ഷേപ മേഖലയ്ക്ക് നിർണായകമായ മുന്നേറ്റമായാണ് ഈ കണക്കുകൾ വിലയിരുത്തപ്പെടുന്നത്. 202627 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിലെ വിദേശ ഓഹരി നിക്ഷേപം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെയും വാർഷിക നിക്ഷേപത്തേക്കാൾ കൂടുതലാണ്. സാമ്പത്തിക വർഷത്തിൽ കേരളത്തിന് ലഭിച്ച വിദേശ ഓഹരി നിക്ഷേപം 3,281 കോടി രൂപയായിരുന്നു. 202425 സാമ്പത്തിക വർഷത്തിൽ ഇത് 3,330 കോടി രൂപയും. ഈ സാഹചര്യത്തിൽ വെറും മൂന്ന് മാസംകൊണ്ട് 4,646 കോടി രൂപയുടെ നിക്ഷേപം ലഭിച്ചത് ശ്രദ്ധേയമാണ്.

രാജ്യത്തെ മൊത്തം വിദേശ ഓഹരി നിക്ഷേപത്തിൽ കേരളത്തിന്റെ വിഹിതവും ഉയർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 1.02 ശതമാനമായിരുന്ന വിഹിതം ഇത്തവണ 2.49 ശതമാനമായി വർധിച്ചു. സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം എട്ടാം സ്ഥാനത്തുമെത്തി.

തുറമുഖങ്ങൾ, വ്യോമയാനം, ടൂറിസം, സാംസ്കാരിക മേഖല, ആരോഗ്യരംഗം തുടങ്ങിയ മുൻഗണനാ മേഖലകളിൽ നിക്ഷേപകരുടെ താൽപര്യം വർധിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രിയുടെ സെക്രട്ടറി രത്തൻ കേൽക്കർ വ്യക്തമാക്കി. എന്നാൽ ഏപ്രിൽജൂൺ കാലയളവിലെ നിക്ഷേപങ്ങൾ ഏതൊക്കെയാണെന്ന് അദ്ദേഹം വ്യക്തമാക്കിയില്ല.

നിക്ഷേപവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും ദീർഘകാലമായി നിലനിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനും നിർദേശിക്കപ്പെട്ടിട്ടുള്ള സരൾ നിയമനിർമാണവും ഭൂമിയുമായി ബന്ധപ്പെട്ട നിയമപരിഷ്കാരങ്ങളും സഹായിക്കുമെന്നാണ് പ്രതീക്ഷ.അതേസമയം, ഒരു പാദത്തിലെ കണക്കുകൾ മാത്രം അടിസ്ഥാനമാക്കി ദീർഘകാല നിക്ഷേപ പ്രവണതയെക്കുറിച്ച് നിഗമനത്തിലെത്തരുതെന്ന മുന്നറിയിപ്പും സാമ്പത്തിക വിദഗ്ധർ മുന്നോട്ടുവെക്കുന്നു. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ഡയറക്ടർ സി. വീരമണി, നിക്ഷേപ വർധനയെ സ്വാഗതം ചെയ്യുമ്പോഴും ഈ പ്രവണത തുടർച്ചയായി നിലനിൽക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.



# ജൈവസമ്പത്ത് സംരക്ഷണത്തിന് മുൻഗണന നൽകണം: മന്ത്രി കെ. എം. ഷാജി

**തിരുവനന്തപുരം:** ഭൂമി മനുഷ്യർക്കു മാത്രമുള്ളതാണെന്ന ചിന്തയിൽ പ്രകൃതിവിഭവങ്ങൾ അനിയന്ത്രിതമായി ചൂഷണം ചെയ്തതിന്റെ ദുരന്തഫലങ്ങളാണ് ലോകം ഇന്ന് നേരിടുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ. എം. ഷാജി പറഞ്ഞു. പ്രകൃതിയുടെ സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ തമ്പാനൂരിലെ കെ.ടി.ഡി.സി ഗ്രാൻഡ് ചൈത്രം ഹോട്ടലിൽ സംഘടിപ്പിച്ച 'അനന്തവൈവിധ്യം 2026' അന്താരാഷ്ട്ര ജൈവവൈവിധ്യ കോൺക്ലേവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കണ്ടൽക്കാടുകളുടെ നാശത്തെ ഭൂമി കൈയേറ്റമായോ ഭൂമിയുടെ തരംമാറ്റമായോ മാത്രം കാണുന്ന സമീപനം തിരുത്തണമെന്ന് മന്ത്രി പറഞ്ഞു. ജൈവവൈവിധ്യത്താൽ സമ്പന്നമായ കണ്ടൽക്കാടുകൾ ഇല്ലാതാകുമ്പോൾ ഒരു വലിയ ആവാസവ്യവസ്ഥയാണ് തകരുന്നത്. അതിനാൽ അവയുടെ നാശത്തെ ഗൗരവത്തോടെ കാണണം. പശ്ചിമഘട്ടത്തിന്റെ സംരക്ഷണം കേരളത്തിന്റെയോ ഇന്ത്യയുടെയോ മാത്രം വിഷയമല്ല, ലോകത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട ഉത്തരവാദിത്തമാണെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുമ്പോൾ പുലർത്തേണ്ട ഉത്തരവാദിത്തം കുട്ടികളെ വീട്ടിൽ നിന്നുതന്നെ പഠിപ്പിക്കണം. കേരളത്തിൽ മഴ സമൃദ്ധമാണെന്നത് മാത്രം ജലസമൃദ്ധിക്ക് ഉറപ്പല്ല. മഴവെള്ളം സംരക്ഷിക്കുകയും ഭൂഗർഭ ജലസ്രോതസ്സുകൾ നിലനിർത്തുകയും വേണം. വ്യക്തികളും സർക്കാർ സംവിധാനങ്ങളും തങ്ങളുടെ പ്രവർത്തനങ്ങൾ പ്രകൃതിയെ എങ്ങനെ ബാധിക്കുന്നുവെന്ന് തിരിച്ചറിയണം. പരിസ്ഥിതി ദിനാചരണങ്ങളും ബോധവത്കരണവും ഫലപ്രദമാകണമെങ്കിൽ പ്രകൃതിവിരുദ്ധമായ ശീലങ്ങൾ തിരുത്താൻ ഓരോരുത്തരും തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു.

2030ഓടെ തിരുവനന്തപുരത്തെ ജൈവവൈവിധ്യ സൗഹൃദ ജില്ലയാക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന 'ജൈവവൈവിധ്യത്തോടു കൈകോർത്തു അനന്തപുരി' പദ്ധതിയുടെ ഭാഗമായാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. ചടങ്ങിൽ ജില്ലയിലെ വിവിധ ജീവജാതികളെ മന്ത്രി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

ജില്ലാ ജന്തുജാതിയായി അണ്ണാൻ വർഗമായ കുഞ്ഞൻ പാറാനെയും പുഷ്പജാതിയായി ഡ്യൂറി ഓർക്കിഡിനെയും ഫലമായി ഞാവലിനെയും ശലഭമായി സന്ധ്യശലഭത്തെയും മത്സ്യമായി കുഴിപ്പുളവനെയും പക്ഷിയായി കാട്ടുഞ്ഞാലിയെയും തിരഞ്ഞെടുത്തു. അബ്രഹാം ഞാവലിനെ ജില്ലാ വൃക്ഷമായും മലമ്പുളിയെ പൈതൃക വൃക്ഷമായും പ്രഖ്യാപിച്ചു. വെള്ളായണി വഴുതന കാർഷികവിളയായും ആരോഗ്യപ്പച്ച ഔഷധസസ്യമായും കാട്ടുകാച്ചിൽ വനൃകിഴങ്ങുവർഗമായും തിരഞ്ഞെടുക്കപ്പെട്ടു. ജില്ലയിലെ സൂക്ഷ്മജീവിയായി ലാക്ടിക്കേസിബാസിലസ് റാംനോസസിനെയും പ്രഖ്യാപിച്ചു.

കോൺക്ലേവിൽ ജൈവവൈവിധ്യ സംരക്ഷണം, അപൂർവ വൃക്ഷങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ലോണിംഗ്, ജില്ലാ സൂക്ഷ്മജീവിയുടെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്രീയ ചർച്ചകളും അവതരണങ്ങളും നടന്നു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. പ്രിയദർശിനി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി. പി. മുരളി, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശോഭന ബി., അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നിസ എ., കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ, മെമ്പർ സെക്രട്ടറി ഡോ. അനിൽകുമാർ സി., ക്ഷണിത പ്രഭാഷകൻ ഡോ. പുത്തിയപറമ്പിൽ ജോസുകുട്ടി, ഡോ. ഇ. എസ്. സന്തോഷ് കുമാർ, ഡോ. കലേഷ് സദാശിവൻ, ഡോ. സാബു തോമസ് തുടങ്ങിയവർ പങ്കെടുത്തു.

# രാജ്യത്തെ ആദ്യ ഇമാലിന്യമുക്ത ഗ്രാമപ്പഞ്ചായത്തായി നൂൽപ്പുഴ

സുൽത്താൻ ബത്തേരി: ശാസ്ത്രീയമായ മാലിന്യസംസ്കരണവും പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ ആദ്യ ഇമാലിന്യമുക്ത ഗ്രാമപ്പഞ്ചായത്ത് എന്ന നേട്ടം നൂൽപ്പുഴ സ്വന്തമാക്കി. നൂൽപ്പുഴ പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പ്രസന്ന ശശീന്ദ്രൻ ഇ മാലിന്യമുക്ത പഞ്ചായത്ത് പ്രഖ്യാപനം നിർവഹിച്ചു.

രണ്ട് ഘട്ടങ്ങളിലായി 5,423 കിലോഗ്രാം ഇമാലിന്യമാണ് നൂൽപ്പുഴ പഞ്ചായത്ത് ശേഖരിച്ചത്. ഒന്നാംഘട്ടത്തിൽ 3,395 കിലോഗ്രാമും രണ്ടാം ഘട്ടത്തിൽ 2,028 കിലോഗ്രാമും ഇമാലിന്യം ശേഖരിച്ചു. കൃഷി മന്ത്രി ടി. സിദ്ദിഖിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'ഭൂമി കോൺക്ലേവ്' പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ഇമാലിന്യമുക്ത വയനാടിന്റെ ഭാഗമായാണ് നൂൽപ്പുഴ ഗ്രാമപ്പഞ്ചായത്തിൽ ഇമാലിന്യശേഖരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

ജില്ലയെ സമ്പൂർണ ഇ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ മുന്നേറ്റം. ഇ മാലിന്യത്തിന്റെ അശാസ്ത്രീയ സംസ്കരണം തടയുകയും ശാസ്ത്രീയമായ കൈമാറ്റം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ പരിസ്ഥിതി സൗഹൃദമായ നാട് സൃഷ്ടിക്കുകയാണ് ലക്ഷ്യം.

തുടർ ഇ മാലിന്യശേഖരണം, പൊതുജന ബോധവത്കരണം, ജനപങ്കാളിത്തം ഉറപ്പാക്കൽ, ശേഖരണ സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കൽ എന്നിവയ്ക്കായി തുടർപ്രവർത്തനങ്ങളും ഏകോപിപ്പിക്കും. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇമാലിന്യം ശേഖരിക്കുന്നതിൽ ഹരിതകർമസേനയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും നിർണായക പങ്കുവഹിച്ചു.

# സ്ത്രീശാക്തീകരണത്തിന് എ.ഐ സാക്ഷരത




**തിരുവനന്തപുരം:** സ്ത്രീകളെ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള വനിതാ കമ്മീഷൻ കോളേജ് വിദ്യാർത്ഥിനികൾക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ദേശീയ വനിതാ കമ്മീഷന്റെ എ.ഐ സാക്ഷരതാ പദ്ധതിയായ 'യശോദ എ.ഐ' യുമായി സഹകരിച്ച് തിരുവനന്തപുരം ഹോട്ടൽ പ്രശാന്തിൽ സംഘടിപ്പിച്ച പരിപാടി കേരള വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി ഉദ്ഘാടനം ചെയ്തു.

ലോകം അതിവേഗം ഡിജിറ്റൽവത്ക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ സ്ത്രീകൾ നിർമിതബുദ്ധിയെക്കുറിച്ചും ഡിജിറ്റൽ സാങ്കേതികവിദ്യകളെക്കുറിച്ചും അവബോധം നേടേണ്ടത് അനിവാര്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അഡ്വ. പി. സതീദേവി പറഞ്ഞു. സൈബർ സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ പിന്തുടരൽ എന്നിവയെക്കുറിച്ച് സ്ത്രീകൾക്ക് കൃത്യമായ അറിവുണ്ടാക്കാനും ഓൺലൈൻ തട്ടിപ്പുകളെയും ചൂഷണങ്ങളെയും തിരിച്ചറിഞ്ഞ് സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ നിയമപരമായി പരാതിപ്പെടാൻ അവരെ പ്രാപ്തരാക്കാനുമാണ് പരിപാടി ലക്ഷ്യമിടുന്നത്.ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള നിയമവിദ്യാർത്ഥിനികളാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്.

'എ.ഐയുടെ സാധ്യതകളും ഉപയോഗങ്ങളും' എന്ന വിഷയത്തിൽ സൈബർ നിയമഎ.ഐ വിദഗ്ധൻ അഡ്വ. മനു കൃഷ്ണ എസ്.കെ, 'ഡിജിറ്റൽ സുരക്ഷയും എ.ഐയുടെ അപകടസാധ്യതകളും' എന്ന വിഷയത്തിൽ അഭിഭാഷകനും കൗൺസിലിങ് സൈക്കോളജിസ്റ്റുമായ ഡോ. പി. എം. ബിനു തോട്ടത്തിൽ, 'ദൈനംദിന ജീവിതത്തിലെ എ.ഐ' എന്ന വിഷയത്തിൽ എൻവെസ്റ്റ്നെറ്റ് ക്വാളിറ്റി അഷ്വറൻസ് ഡയറക്ടർ ഫെബിൻ എസ്.എയും ക്ലാസ്സെടുത്തു. കെ.എസ്.ഡി.എം.എ., ഐ.എം.ജി. റിസോഴ്സ് പേഴ്സൺ ബിനു കുമാർ എൻ.എസ്.യുടെ നേതൃത്വത്തിൽ പ്രായോഗിക പരിശീലനവും വിദ്യാർഥിനികൾക്ക് നൽകി.

ചടങ്ങിൽ കേരള വനിതാ കമ്മീഷൻ അംഗം അഡ്വ. ഇന്ദിരാ രവീന്ദ്രൻ, മെമ്പർ സെക്രട്ടറി ബീന വൈ.ബി., ഗവ. ലോ കോളേജ് പ്രിൻസിപ്പൽ ഡോ. ഹമീമ എം., ഗവ. ലോ കോളേജ് അസിസ്റ്റന്റ് പ്രൊഫസർമാരും വിമൻസ് ഫോറം വേദിക കോർഡിനേറ്റർമാരുമായ അഡ്വ. അഞ്ചു രാജൻ വി., വീണ എ.കെ., കേരള വനിതാ കമ്മീഷൻ റിസർച്ച് ഓഫീസർ അർച്ചന തുടങ്ങിയവർ പങ്കെടുത്തു.






# ആശുപത്രികളിലെ സൗകര്യങ്ങൾ വർധിപ്പിക്കുക സർക്കാർ നിലപാട് മന്ത്രി കെ മുരളീധരൻ

**കോഴിക്കോട്:** സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വർധിപ്പിച്ച് സാധാരണക്കാർക്ക് മികച്ച ചികിത്സ ഉറപ്പാക്കുകയെന്നതാണ് സംസ്ഥാന സർക്കാർ നിലപാടെന്ന് ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ ഉള്ളിയേരി ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ വി ടി സൂരജ് എംഎൽഎ അധ്യക്ഷത വഹിച്ചു.

സാധാരണക്കാരുടെ ആശ്രയകേന്ദ്രമാണ് സർക്കാർ ആശുപത്രികൾ. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ആവശ്യത്തിന് ഡോക്ടർമാരില്ലാതെ ചില ആശുപത്രികൾ പ്രവർത്തിക്കുന്നത് പരിഹരിക്കുന്നതിനായി 1800 ഓളം പുതിയ തസ്തികകൾ സൃഷ്ടിക്കാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്നു ഘട്ടങ്ങളിലായി പുതിയ തസ്തികകൾ സൃഷ്ടിച്ച് വേഗത്തിൽ നിയമനം നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

അസ്ഥിരോഗം ബാധിച്ച കുട്ടികൾക്ക് കുറഞ്ഞ ചെലവിൽ മികച്ച ഗുണമേന്മയുള്ള ഇന്ത്യൻ നിർമിത മരുന്നുകൾ ലഭ്യമാക്കും. ഹീമോഫീലിയ അടക്കമുള്ള അപൂർവ രോഗങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പോസ്റ്റ്മോർട്ടം നടപടികളിൽ വിപ്ലവകരമായ മാറ്റം വരുത്തുന്ന, മൃതദേഹം കീറിമുറിക്കാതെ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയുള്ള 'വെർചൽ ഓട്ടോപ്സി' സാങ്കേതികവിദ്യ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കും. സംസ്ഥാനത്ത് ആദ്യമായി കോഴിക്കോട് മെഡിക്കൽ കോളേജിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. ആരോഗ്യമേഖലയിൽ സേവന വീഴ്ചകളോ അനാസ്ഥയോ ഉണ്ടായാൽ കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഉള്ളിയേരിയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ആരംഭഘട്ടം മുതൽ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് മന്ത്രി ഓർമിച്ചു. പാർലമെന്റ് അംഗമായിരുന്ന കാലത്ത് എം.പി ഫണ്ടിന്റെ ഭൂരിഭാഗവും സർക്കാർ ആശുപത്രികൾക്കും വിദ്യാലയങ്ങൾക്കുമാണ് വിനിയോഗിച്ചത്. ബാലുശ്ശേരിയിലെ വിദ്യാലയത്തിനാണ് തന്റെ ആദ്യ എം.പി ഫണ്ട് അനുവദിച്ചതെന്നും മന്ത്രി അനുസ്മരിച്ചു.

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ഉൾപ്പെടെ ആദ്യഘട്ടത്തിൽ നാല് കോടി രൂപ വിനിയോഗിച്ചാണ് ഉള്ളിയേരിയിലെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടത്തിന്റെ നിർമാണം ആരംഭിക്കുന്നത്.

ചടങ്ങിൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇസ്മയിൽ കുറുമ്പൊയിൽ, വൈസ് പ്രസിഡന്റ് ഫാത്തിമ ഷാനവാസ്, ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി നാസർ, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈജ മുരളി, അത്തോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം ജയകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ റീമ കുന്നുമ്മൽ, ജില്ലാ പഞ്ചായത്ത് മെമ്പർ എ കെ മണി, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ ഷൈനി അശോക്, വൈശാഖ് കണ്ണോറ, പുഷ്പ ടീച്ചർ, ഉള്ളിയേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രിയ പുനത്തിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സി അജിത, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജോബി സാലസ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സരിത കുമാരി, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി കെ അഫ്സൽ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



# ഹാപ്പിനസ് പാർക്ക് തുറന്നു

**അങ്കമാലി:** കുട്ടികളുടെയും യുവാക്കളുടെയും വയോജനങ്ങളുടെയും ക്ഷേമവും ആരോഗ്യവും ആനന്ദവും ലക്ഷ്യമാക്കി അങ്കമാലി നഗരസഭ ഏഴാം വാർഡിൽ ഇടമലയാർ ഇറിഗേഷൻ അക്വഡേറ്റ് കനാലിന് താഴെ അനുവദിച്ചു കിട്ടിയ സ്ഥലത്ത് ഹാപ്പിനസ് പാർക്ക് തുടങ്ങി. പാർക്കിൻറെ ഉദ്ഘാടനം മന്ത്രി റോജി എം. ജോൺ നിർവഹിച്ചു. ബെന്നി ബഹനാൻ എംപി മുഖ്യ പ്രഭാഷണം നടത്തി.

നഗരസഭാ ചെയർപേഴ്സൺ റീത്ത പോൾ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ചെയർപേഴ്സൺ വിത്സൻ മുണ്ടാടൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ബിനി കൃഷ്ണൻകുട്ടി, ലക്സി ജോയ്, ബാസ്റ്റിൻ ഡി. പാറയ്ക്കൽ, വർഗീസ് വെബ്ലിയത്ത്, എൽഡിഎഫ് പാർലമെന്ററി പാർട്ടി ലീഡർ ടി.വൈ. ഏലിയാസ്, കൗൺസിലർമാരായ സാജൻ വർക്കി, കെ.ഡി. ജയൻ, ടിൻറു വിപിൻ, ആൻറു മാവേലി, കെ.കെ. ഷെറിൻ, സാജി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

## പരീക്ഷാഫീസ് പുതുക്കിയ തീയതി

മഹാത്മാഗാന്ധി സർവ്വകലാശാലാ വെബ്സൈറ്റിലുണ്ടായ സാങ്കേതിക തകരാറുകൾ കാരണം ഒക്ടോബർ 22 മുതൽ 29 വരെ പരീക്ഷാഫീസ് അടയ്ക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഫീസ് അടയ്ക്കാനുള്ള തീയതി ഒക്ടോബർ 31 വരെ നീട്ടി. ഫൈനോടുകൂടി നവംബർ 2 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 3 വരെയും ഫീസ് അടക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

## സ്റ്റുഡന്റ് മൈഗ്രേഷൻ: ത്രിദിന ശിൽപ്പശാല

വിദ്യാർത്ഥികളുടെ കുടിയേറ്റം സംബന്ധിച്ച് മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 14 മുതൽ 16 വരെ സർവകലാശാലാ ക്യാമ്പസിൽ ത്രിദിന ശിൽപ്പശാല സംഘടിപ്പിക്കുന്നു.

ശിൽപ്പശാലയിൽ പങ്കെടുക്കാൻ താത്പര്യമുള്ള ഗവേഷകർ പ്രബന്ധങ്ങളുടെ 500 വാക്കിൽ കവിയാത്ത അബ്സ്ട്രാക്ട് ഒക്ടോബർ 31നകം സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 20 ഗവേഷകർക്ക് മാത്രമായിരിക്കും അവസരം. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കില്ല. ഭക്ഷണവും താമസസൗകര്യവും സർവകലാശാല ഒരുക്കും. തിരഞ്ഞെടുക്കപ്പെടുന്നവരുടെ പട്ടിക നവംബർ അഞ്ചിന് പ്രസിദ്ധീകരിക്കും. ശ്യേൗൃഹ.രീ/ഷെ7ാമി84 എന്ന ലിങ്കിലൂടെ അബ്സ്ട്രാക്ട് സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9400366813, 7907571771 എന്നീ നമ്പറുകളിലോ sirp-workshop6@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

## ടൈം ടേബിൾ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2020 23 അഡ്മിഷൻസ് റീപ്പിയറൻസ് / 2017 19 അഡ്മിഷൻസ് മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. സൈബർ ഫോറൻസിക് (2020 '23 അഡ്മിഷൻസ് റീപ്പിയറൻസ് / 2019 അഡ്മിഷൻ മെഴ്സിചാൻസ്) ഒക്ടോബർ 2026 ബിരുദ പരീക്ഷകൾ നവംബർ 13 മുതൽ ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2025 അഡ്മിഷൻ റഗുലർ, 2023 2024 അഡ്മിഷൻസ് സപ്ലിമെന്ററി / 2020 2022 അഡ്മിഷൻസ് മെഴ്സി ചാൻസ്) നവംബർ 2026 ഡിഗ്രി പരീക്ഷകൾ നവംബർ 25 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ

പരീക്ഷാഫലം

അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. സ്പെഷ്യൽ സപ്ലിമെന്ററി ജൂലൈ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ്, എം.എ. മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ് / 2020 2024 അഡ്മിഷൻ സപ്ലിമെന്ററി / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മെയ് 2026 പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

# പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം

**പത്തനംതിട്ട:** ജില്ലാ പഞ്ചായത്തിന്റെ 202627 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പൊതുജലാശയങ്ങളിൽ തനത് മൽസ്യവിത്ത് നിക്ഷേപം പദ്ധതി പ്രമാടം ഗ്രാമപഞ്ചായത്തിലെ വലഞ്ചുഴി (അച്ചൻകോവിലാർ) കടവിൽ തദ്ദേശീയ ഇനത്തിൽപെട്ട 1.5 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ദീനാമ്മ റോയി ഉദ്ഘാടനം ഉദ്ഘാടനം ചെയ്തു. പൊതുജലാശയങ്ങളിലെ മത്സ്യ സംരക്ഷണത്തിനും മൽസ്യോത്പാദന വർധനയ്ക്കും ഗുണമേന്മയുള്ള മത്സ്യത്തിൻറെ ലഭ്യതയ്ക്കും ഉൾനാടൻ മൽസ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും ഗുണകരമാകുന്നതാണ് പദ്ധതി.

പ്രമാടം പഞ്ചായത്ത് പ്രസിഡൻറ് സുശീല അജി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അനീഷ് വരിക്കണ്ണാമല മുഖ്യാതിഥിയായിരുന്നു. പ്രമാടം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ. കെ. മനോജ്, വാർഡ് അംഗങ്ങളായ പ്രസന്നകുമാരി, ലൂയിസ് പി. സാമുവൽ, ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടർ മിലി ഗോപിനാഥ്, മത്സ്യഭവൻ ഓഫീസർ പി. കെ. രഞ്ജിനി, ജനപ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു

# കുറഞ്ഞ ചെലവിൽ വീട്ടിലും മൾബറി കൃഷി ചെയ്യാം

മൃദുവായതും മധുരമുള്ളതും നീരുള്ളതുമായ മൾബറികൾ ആർക്കാണ് ഇഷ്ടമല്ലാത്തത്? ചെടിയിൽ നിന്ന് നേരിട്ട് പറിച്ച് കഴിക്കുമ്പോഴാണ് ഇവയ്ക്ക് ഏറ്റവും സ്വാദ് ലഭിക്കുന്നത്. പ്രത്യേകിച്ച് നമ്മൾ തന്നെ നട്ടു വളർത്തിയ ചെടിയിൽ നിന്നാണെങ്കിൽ, അതിന്റെ അനുഭൂതിയും രുചിയും വേറിട്ടതായിരിക്കും. മൾബറി മരങ്ങൾ വളർത്താൻ വലിയൊരു പൂന്തോട്ടമോ കൃഷിയിൽ പ്രത്യേക വൈദഗ്ധ്യമോ വേണമെന്നില്ല. നല്ല സൂര്യപ്രകാശമുള്ള ഏത് ചുറ്റുപാടിലും പല തരം മണ്ണിലും ഇവ വളരെ എളുപ്പത്തിൽ തഴച്ചുവളരും. ഒരിക്കൽ വേരുപിടിച്ചു കഴിഞ്ഞാൽ വലിയ പരിചരണമൊന്നും ആവശ്യമില്ലാത്ത ഈ ചെടികൾ തുടക്കക്കാർക്ക് ഏറ്റവും അനുയോജ്യമാണ്.

1. തണ്ടുകൾ വഴിയുള്ള കൃഷി: മൾബറി ചെടികൾ വളർത്താൻ ഇതാണ് ഏറ്റവും എളുപ്പമുള്ള വഴി. വേനൽക്കാലത്ത് പാകമായ തണ്ടുകളോ ശരത്കാലത്ത് മൂപ്പെത്തിയ തണ്ടുകളോ ഇതിനായി തിരഞ്ഞെടുക്കാം. ഏകദേശം 8 മുതൽ 12 ഇഞ്ച് വരെ നീളമുള്ള, ആരോഗ്യകരമായ ഒരു ശാഖ തിരഞ്ഞെടുത്ത് ചരിഞ്ഞ രീതിയിൽ മുറിച്ചെടുക്കുക. താഴെയുള്ള ഇലകൾ പൂർണമായും നീക്കം ചെയ്ത്, മുകൾഭാഗത്ത് രണ്ടോ മൂന്നോ ഇലകൾ മാത്രം നിർത്തുക.

2. വിത്തുകൾ വഴിയുള്ള കൃഷി: പാകമായ പഴത്തിൽ നിന്ന് വിത്തുകൾ വേർതിരിച്ചെടുത്ത് അവയിലെ പൾപ്പ് (മാംസളമായ ഭാഗം) പൂർണമായി കഴുകിക്കളയുക.

നനവുള്ളതും എന്നാൽ വെള്ളം കെട്ടിനിൽക്കാത്തതുമായ മണ്ണിൽ തണ്ടുകൾ നട്ടുപിടിപ്പിക്കുക. പുതിയ വേരുകൾ വരുന്നത് വരെ ഇവ നേരിട്ട് ശക്തമായ സൂര്യപ്രകാശം ഏൽക്കാത്ത ഒരിടത്ത് സൂക്ഷിക്കുക. അമിതമായ വെയിൽ പുതിയ വളർച്ചയെ കരിഞ്ഞുപോകാൻ ഇടയാക്കും. ഒന്നിലധികം തണ്ടുകൾ നടുന്നത് നല്ലതാണ്.

വിത്തുകൾ മുളയ്ക്കുന്നതിന് ആദ്യം അവ ഫ്രിജിൽ വച്ച് 4 മുതൽ 16 ആഴ്ച വരെ തണുപ്പിക്കുക. അതിനുശേഷം, വിത്തുപാകാനുള്ള മിശ്രിതത്തിൽ വിതച്ച് മണ്ണ് നേരിയ നനവോടെ സൂക്ഷിക്കുക. മുള വരുന്നത് വരെ പാത്രം നേരിയ രീതിയിൽ മൂടിവയ്ക്കുക.

തണ്ടുകൾ വേരുപിടിച്ചാലോ വിത്തിൽ നിന്ന് മുളച്ച തൈകൾ വളർന്നു വന്നാലോ അവയെ മാറ്റി നടാവുന്നതാണ്. ചട്ടിയിലാണ് വളർത്തുന്നതെങ്കിൽ, 50 മുതൽ 60 സെന്റീമീറ്റർ വരെ വീതിയും ആഴവുമുള്ള, വെള്ളം പുറത്തേക്ക് പോകാൻ ആവശ്യമായ ദ്വാരങ്ങളുള്ള വലിയൊരു പാത്രം തിരഞ്ഞെടുക്കുക. വളക്കൂറുള്ള മണ്ണ്, പൂന്തോട്ടത്തിലെ മണ്ണ്, കംപോസ്റ്റ് (ജൈവവളം) എന്നിവ തുല്യ അളവിൽ ചേർത്ത് തയാറാക്കിയ മിശ്രിതം പാത്രത്തിൽ നിറയ്ക്കുക. ചെടി നട്ട ശേഷം ചുറ്റുമുള്ള മണ്ണ് മൃദുവായി അമർത്തി ഉറപ്പിച്ച് നന്നായി നനച്ചുകൊടുക്കുക.

മൾബറി ചെടികൾക്ക് സൂര്യപ്രകാശം വളരെ അത്യാവശ്യമാണ്. ദിവസവും ആറ് മുതൽ എട്ട് മണിക്കൂർ വരെ നേരിട്ട് സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് ചെടിച്ചട്ടി വയ്ക്കുക. ചെടി ചെറുതായിരിക്കുമ്പോൾ മണ്ണിൽ എപ്പോഴും നേരിയ നനവുണ്ടെന്ന് ഉറപ്പാക്കുക. എന്നാൽ വെള്ളക്കെട്ട് ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചെടി നന്നായി വളർന്നു കഴിഞ്ഞാൽ പിന്നെ വരൾച്ചയെ അതിജീവിക്കാൻ ഇവയ്ക്ക് പ്രത്യേക കഴിവുണ്ട്.



ചട്ടിയിൽ വളർത്തുന്ന മൾബറി ചെടികൾക്ക് മികച്ച വിളവിനായി കൃത്യമായ പോഷകങ്ങൾ നൽകേണ്ടതുണ്ട്. ഓരോ 15 ദിവസത്തിലും ജൈവവളമോ ദ്രാവക വളമോ നൽകുക. രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ കംപോസ്റ്റോ സാവധാനം പോഷകങ്ങൾ പുറത്തുവിടുന്ന വളങ്ങളോ ചേർത്തു കൊടുക്കുക. ചെടിയുടെ വളർച്ച ക്രമീകരിക്കാനും കൂടുതൽ ഫലം ലഭിക്കാനും കൊമ്പുകൾ വെട്ടി ഒതുക്കുന്നത് വളരെ പ്രധാനമാണ്.

ബലഹീനമായതോ, ഉണങ്ങിയതോ, അമിതമായി വളർന്നതോ ആയ കൊമ്പുകൾ വൃത്തിയുള്ളതും മൂർച്ചയുള്ളതുമായ ഉപകരണങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി നീക്കം ചെയ്യുക.

# കേരളത്തിലും പച്ചപിടിച്ച് ശംഖുപുഷ്പക്കൃഷി

അലങ്കാര സസ്യമായി കണ്ടിരുന്ന നീല ശംഖുപുഷ്പം എന്ന ഔഷധസസ്യം ആഗോള കാർഷിക വിപണിയിൽ വിലപിടിപ്പുള്ള വാണിജ്യ വിളയായി മാറുന്നു. പ്രകൃതിദത്ത നീല നിറത്തിനും ഔഷധഗുണങ്ങൾക്കും ആരോഗ്യപാനീയങ്ങളിലെ ഉപയോഗത്തിനും ആവശ്യക്കാരേറിയതോടെ ഏഷ്യൻ രാജ്യങ്ങളിൽ നീല ശംഖുപുഷ്പക്കൃഷി വ്യാപിക്കുകയാണ്. രാസവർണങ്ങൾക്കു പകരം പ്രകൃതിദത്ത നിറങ്ങൾ ഉപയോഗിക്കുന്ന പ്രവണത വർധിച്ചതാണു ശംഖുപുഷ്പത്തിനു ലോകവിപണി തുറന്നുനൽകിയത്. ഭക്ഷ്യവ്യവസായം, ഔഷധനിർമാണം, സൗന്ദര്യവർധക ഉൽപന്നങ്ങൾ, ഹെർബൽ ടീ, ന്യൂട്രാസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിലെ ആവശ്യം വർഷംതോറും ഉയരുകയാണ്.

നാരങ്ങനീരു ചേർത്താൽ നീല നിറം വയലറ്റായോ പിങ്കായോ മാറുന്ന പ്രത്യേകത ഈ പൂവിനെ പാനീയ വ്യവസായത്തിന്റെ ഇഷ്ടവിളയാക്കി. നീല ശംഖുപുഷ്പത്തിൽ ധാരാളമായി അടങ്ങിയിരിക്കുന്ന ആന്തോസയാനിൻ എന്ന പ്രകൃതിദത്ത വർണപദാർഥമാണ് ഇതിനെ വിലപിടിപ്പുള്ളതാകുന്നത്. ശംഖുപുഷ്പക്കൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയാണു കേരളത്തിലേത്. ശാസ്ത്രീയ കൃഷിരീതിയും ഉണക്കൽ-സംസ്കരണ സൗകര്യങ്ങളും ഫലപ്രദമായ വിപണനവും ഉറപ്പാക്കിയാൽ, നമ്മുടെ ചെറുകിട കർഷകർക്കും സംരംഭകർക്കും ശംഖുപുഷ്പം വൻവരുമാനസാധ്യത തുറന്നു കൊടുക്കും.



കഫീൻ അടങ്ങിയിട്ടില്ലാത്ത ഔഷധ ചായ ആയിട്ടാണു തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ നീല ചായയെ പരിഗണിക്കുന്നത്. ബ്ലൂ ടീ അല്ലെങ്കിൽ ബട്ടർഫ്ലൈ പി ഫ്ലവർ ടീ എന്നും വിളിക്കും. തായ്‌ലൻഡ്, വിയറ്റ്നാം പോലുള്ള രാജ്യങ്ങളിൽ ഇതു തണുപ്പിച്ചു തേനും നാരങ്ങയും ചേർത്തു ലെമണേഡരൂപത്തിലും കഴിക്കാറുണ്ട്.

ഹെർബൽ ബ്ലൂ ടീ ആരോഗ്യപാനീയങ്ങൾ ഐസ്ക്രീം, മിഠായി ബേക്കറി ഉൽപന്നങ്ങൾ പ്രകൃതിദത്ത ഫൂഡ് കളറിങ് കോസ്മെറ്റിക്സ് ഹെർബൽ ഷാംപൂ, സോപ്പ് ആയുർവേദ, സിദ്ധ, യുനാനി മരുന്നുകൾ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ

ഒരേക്കറിൽ ഏകദേശം 4,000–5,000 തൈകൾ വരെ നടാം. നടീൽ കഴിഞ്ഞ് 60–75 ദിവസത്തിനുള്ളിൽ പൂക്കൾ ലഭിച്ചു തുടങ്ങും. ഉണക്കിയ പൂവിന് പുതിയ പൂവിനെക്കാൾ ഉയർന്ന വില. പുതിയ പൂക്കൾക്കു കിലോയ്ക്ക് ഏകദേശം 150–400 രൂപ വരെ ലഭിക്കും. ഉണക്കിയ പൂക്കൾക്കു കിലോയ്ക്ക് 1,500–4,000 രൂപ വരെ ഉയർന്ന ഗുണനിലവാരമുള്ള കയറ്റുമതി ഗ്രേഡുകൾക്ക് ഇതിലും കൂടുതൽ വില ലഭിക്കാം. മൂല്യവർധിത ഉൽപന്നങ്ങളായ ബ്ലൂ ടീ, പൊടി, എക്സ്ട്രാക്റ്റ് എന്നിവയാക്കി വിപണിയിലെത്തിച്ചാൽ ലാഭം ഇതിലും കൂടും.

രാവിലെ വിരിയുന്ന പൂക്കൾ ശേഖരിക്കുക. നിഴലിൽ ഉണക്കുന്നതു നിറവും ഗുണവും നിലനിർത്തും. ഈർപ്പം കയറാത്ത പാക്കിങ്ങിൽ സൂക്ഷിക്കുക. ജൈവരീതിയിൽ കൃഷി ചെയ്താൽ കയറ്റുമതി സാധ്യത വർധിക്കും. മൂല്യവർധനയാണു ലാഭത്തിന്റെ രഹസ്യം




കൊച്ചി എം.ജി കോസ്റ്റ്ലൈൻ ഗാരേജിൽ നടന്ന ചടങ്ങിൽ എം.ജി സോണൽ ഹെഡ് കണ്ണൻ ഗോപിനാഥൻ, എ.എസ്.എം സേഷാ സായ്, കോസ്റ്റ്ലൈൻ ഗാരേജ് ജി.എം (സെയിൽസ്) ജയകുമാർ.ജി, ജി.എം (സർവീസ്) മനോജ് എന്നിവർ ചേർന്ന് വിൻഡ്സർ ഇൻഡൽജ് എഡിഷൻ പുറത്തിറക്കുന്നു.

# വിൻഡ്സർ ഇൻഡൽജ് എഡിഷൻ പുറത്തിറക്കി എം.ജി മോട്ടോർ

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും മികച്ച ഇലക്ട്രിക് വാഹനമായ എം.ജി വിൻഡ്സർ ബിസിനസ് ക്ലാസ് സുഖസൗകര്യങ്ങളോടും മികച്ച ആഡംബര സംവിധാനങ്ങളോടും കൂടി ഇൻഡൽജ് എഡിഷൻ പുറത്തിറക്കി. 17,99,800 എക്സ് ഷോറും വിലയിൽ ആരംഭിക്കുന്ന ഇൻഡൽജ് 332 കിലോമീറ്റർ റേഞ്ചാണ് വാഗ്ദാനം ചെയ്യുന്നത്.

കൊച്ചിയിലെ എം.ജി കോസ്റ്റ്ലൈൻ ഗാരേജിൽ നടന്ന ചടങ്ങിൽ എം.ജി സോണൽ ഹെഡ് കണ്ണൻ ഗോപിനാഥൻ, എ.എസ്.എം സേഷാ സായ്, കോസ്റ്റ്ലൈൻ ഗാരേജ് ജി.എം (സെയിൽസ്) ജയകുമാർ.ജി, ജി.എം (സർവീസ്) മനോജ് എന്നിവർ ചേർന്നാണ് ഇൻഡൽജ് എഡിഷൻ പുറത്തിറക്കിയത്. 38 കെ.ഡബ്ല്യുഎച്ച് ബാറ്ററി പാക്കിൽ പ്രവർത്തിക്കുന്ന വാഹനം 100 കിലോവാട്ട് (136 പി.എസ്) കരുത്തും 200 എൻ.എം ടോർക്കും നൽകുന്നു. ആകർഷകമായ ഷാഡോ ഗോൾഡ് ബോഡി കളറും അതിന് അനുയോജ്യമായ ബ്ലാക്ക് റൂഫും ചേരുന്ന വേറിട്ട ഡ്യുവൽ ടോൺ എക്സ്റ്റീരിയറാണ് ഈ സ്പെഷ്യൽ എഡിഷന്റെ പ്രധാന ആകർഷണം.

ബ്ലാക്ക് ഒ.ആർ.വി.എമ്മുകൾ, ആർ18 ബ്ലാക്ക് അലോയ് വീലുകൾ, സി പില്ലറിലെ പ്രത്യേക ഇൻഡൽസ് ബാഡ്ജിംഗ് എന്നിവ വാഹനത്തിന്റെ പ്രീമി യം ലുക്ക് കൂടുതൽ എടുത്തു കാണിക്കുന്നുണ്ട്. കാബിനുള്ളിൽ അർബൻ ടാൻ & ബ്ലാക്ക് തീമിലുള്ള പുതിയ അപ്ഹോൾസ്റ്ററിയാണ് നൽകിയിരിക്കുന്നത്.

മുൻനിര സൗകര്യമായ 'പ്രൈവ് സ്ക്രീൻ', സവിശേഷമായ ഇൻഡൽജ് ബാഡ്ജിംഗോട് കൂടിയ പ്രീമിയം പില്ലോകൾ, നെക്ക് കുഷ്യനുകൾ എന്നിവ പിൻസീറ്റിലെ യാത്രാസുഖം കൂടുതൽ മെച്ചപ്പെടുത്തുന്നു.

റിയർ സൺഷെയ്ഡ്, തീം 3ഡി മാറ്റുകൾ, ഫ്രണ്ട് ഗ്രില്ലിലെ ക്രോം അലങ്കാരങ്ങൾ, ബമ്പർ കോർണർ പ്രൊട്ടക്ടറുകൾ, ബോഡി സൈഡ് മാൾഡിംഗ്, പ്രീമിയം ലെതർ കീ കവർ എന്നിവ ഉൾപ്പെടുന്ന എഡിഷൻ ആക്സസറി പാക്കേജ് വാഹനത്തിന്റെ സവിശേഷത ഏറെ വർദ്ധിപ്പിക്കുന്നു. ശൈലിയിലും സുഖസൗകര്യങ്ങളിലും കൂടുതൽ വേറിട്ട അനുഭവം ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്കായി പ്രത്യേകമായി തിരഞ്ഞെടുത്ത ആക്സസറികളുടെ നിരയും ലഭ്യമാണ്. ഇത് തങ്ങളുടെ അഭിരുചിക്കനുസരിച്ച് പേഴ്സണലൈസ് ചെയ്യാനും അവസരമുണ്ട്.




# മിഅ ബൈ തനിഷ്ക് 'ലൈറ്റ്സ്കേപ്സ്' ആഭരണ ശേഖരം പുറത്തിറക്കി

**കൊച്ചി:** പ്രമുഖ ഫൈൻ ജ്വല്ലറി ബ്രാൻഡുകളിലൊന്നായ മിഅ ബൈ തനിഷ്ക്, ഉത്സവ ദീപങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട പുതിയ ആഭരണ ശേഖരമായ 'ലൈറ്റ്സ്കേപ്സ്' പുറത്തിറക്കി. പ്ലെയിൻ ഗോൾഡ്, നാച്ചുറൽ ഡയമണ്ടുകൾ, നിറമുള്ള കല്ലുകൾ എന്നിവയിലായി 230ലധികം ഡിസൈനുകൾ അവതരിപ്പിക്കുന്ന ഈ കളക്ഷൻ തനതായ കരകൗശല വിദ്യയും ആധുനിക ശൈലിയും ഒരുമിച്ച് ചേർക്കുന്നവയാണ്.

സമ്മാനങ്ങൾ നൽകാൻ അനുയോജ്യമായ രീതിയിൽ, 50,000 രൂപയ്ക്ക് താഴെ വിലവരുന്ന ഫൈൻ ജ്വല്ലറികളുടെ വലിയൊരു നിര തന്നെ ഈ കളക്ഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 9, 14 കാരറ്റ് സ്വർണത്തിൽ ലഭ്യമായ ഈ ആഭരണ ശേഖരത്തിൽ, ദൈനംദിന ഉപയോഗത്തിനുള്ള ലളിതമായ ആഭരണങ്ങൾ മുതൽ ഉത്സവ അവസരങ്ങൾക്കായുള്ള സ്റ്റേറ്റ്മെൻറ് ഡിസൈനുകൾ വരെ ഉൾപ്പെടുന്നു. മനോഹരമായ ജുംകികൾ, ശിൽപചാതുരിയുള്ള ഡാംഗ്ലറുകൾ, നെക്ലേസുകൾ, പെൻഡൻറുകൾ, മോതിരങ്ങൾ, ബ്രേസ്ലെറ്റുകൾ എന്നിവ ഇതിൽ ലഭ്യമാണ്.

ഒഴുകുന്ന സ്വർണ രൂപങ്ങൾ, സങ്കീർണമായ ഡയമണ്ട് ക്രമീകരണങ്ങൾ, ലെയേർഡ് സിലൗട്ടുകൾ, പ്രകാശത്തെ മനോഹരമായി ഒപ്പിയെടുക്കുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന തനതായ പ്രതലങ്ങൾ എന്നിവയാണ് ഈ കളക്ഷനെ വ്യത്യസ്തമാക്കുന്നത്. പ്രത്യേക സർഫേസ്ഫിനിഷിംഗ് സാങ്കേതികവിദ്യകൾ ഡിസൈനുകൾക്ക് കൂടുതൽ ആഴവും തിളക്കവും നൽകുകയും, ഓരോ ആഭരണത്തിനും ഒരു സമകാലിക സ്വഭാവം നൽകുകയും ചെയ്യുന്നു.

ലൈറ്റ്സ്കേപ്സ് കളക്ഷൻറെ ഭാഗമായിത്തന്നെ, മിഅ ലൈറ്റ്സ്കേപ്സ്കളർ എഡിറ്റ് എന്ന പേരിൽ പ്രത്യേകമായി രൂപകൽപ്പന ചെയ്ത 9 കാരറ്റ് സ്വർണത്തിൽ നിർമ്മിച്ച 67 ഡിസൈനുകൾ കൂടി മിഅ അവതരിപ്പിക്കുന്നുണ്ട്. ദൈനംദിന ഉപയോഗത്തിനുള്ള സ്റ്റഡുകൾ, വർണാഭമായ പെൻഡൻറുകൾ, സ്റ്റാക്കബിൾ മോതിരങ്ങൾ, ബോൾഡ് കോക്ടെയിൽ മോതിരങ്ങൾ, ലാരിയറ്റ് നെക്ലേസുകൾ എന്നിവ ഈ എഡിറ്റിൽ ഉൾപ്പെടുന്നു. നവരത്ന ആഭരണങ്ങളുടെ ആധുനിക പതിപ്പുകൾ, മാറ്റാവുന്ന ഹൂപ്പുകൾ, പല രീതിയിൽ അണിയാൻ കഴിയുന്ന ഡ്രോപ്പ് കമ്മലുകൾ എന്നിവ ഇതിലെ പ്രധാന ആകർഷണങ്ങളാണ്.

രാജ്യത്തുടനീളമുള്ള 320ലധികം മിഅ ബൈ തനിഷ്ക് സ്റ്റോറുകളിലും, മിഅ ആപ്പിലും, വെബ്സൈറ്റിലും ലൈറ്റ്സ്കേപ്സ് കളക്ഷൻ ലഭ്യമാണ്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# എംജി ഡെവലപ്പർ പ്രോഗ്രാം സീസൺ 6 ലെ വിജയികളെ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** ജെഎസ്ഡബ്ല്യൂ എംജി മോട്ടോർ ഇന്ത്യ തങ്ങളുടെ പ്രമുഖ സ്റ്റാർട്ടപ്പ് പങ്കാളിത്ത സംരംഭമായ എംജി ഡെവലപ്പർ പ്രോഗ്രാമിന്റെ ആറാം പതിപ്പിലെ വിജയികളെ പ്രഖ്യാപിച്ചു. ഓട്ടോമോട്ടീവ് മേഖലയിലെ നവീകരണം എന്ന പ്രമേയത്തിന് കീഴിൽ നടന്ന ഈ പതിപ്പിൽ രാജ്യത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് 130ലധികം അപേക്ഷകൾ ലഭിച്ചു. വിവിധ ഘട്ടങ്ങളിലായി നടന്ന മൂല്യനിർണയത്തിനൊടുവിൽ നയൻ ടെക്നോളജീസ്, ടെക്നോഡ്8.എഐ, ലൈവ് എൻസെൻസ്, എൽ.ഡബ്ല്യു.3, സ്മാർട്ട്ബ്രാൻഡ് ബൈ അകിങ്ക് സൊല്യൂഷൻസ്, ഫിറ്റ്സോൾ, കോട്ടിയോ, മെറ്റാ മെറ്റീരിയൽസ് സർക്കുലർ മാർക്കറ്റ് എന്നീ എട്ട് സ്റ്റാർട്ടപ്പുകളെ വിജയികളായി തിരഞ്ഞെടുത്തു. കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകൾ, വ്യവസായ പങ്കാളികൾ എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. നവീകരണവും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അധിഷ്ഠിതമാക്കിയുള്ള പരിഹാരങ്ങളിലൂടെ മൊബിലിറ്റി, നിർമാണം, സുസ്ഥിര വികസനം, വിതരണ ശൃംഖല, ഉപഭോക്തൃ അനുഭവം തുടങ്ങിയ മേഖലകളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ടാണ് ഈ പദ്ധതി സംഘടിപ്പിച്ചത്. വിജയികളായ സ്റ്റാർട്ടപ്പുകൾ വരും മാസങ്ങളിൽ ജെഎസ്ഡബ്ല്യൂ എംജി മോട്ടോർ ഇന്ത്യയുമായും തങ്ങളുടെ ഇക്കോസിസ്റ്റം പങ്കാളികളുമായും ചേർന്ന് പൈലറ്റ് പദ്ധതികളിലും യഥാർത്ഥ സാഹചര്യങ്ങളിലെ സാങ്കേതിക വിന്യാസത്തിലും പ്രവർത്തിക്കും. നിർമിച്ചെടുക്കുന്ന നവീനാശയങ്ങൾ യഥാർത്ഥ ലോകത്ത് പ്രയോഗിക്കാനും വിപുലീകരിക്കാനും സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മികച്ച വേദി ഒരുക്കുകയാണ് കമ്പനി ഇതിലൂടെ ചെയ്യുന്നത്. 2019ൽ ആരംഭിച്ചതുമുതൽ രാജ്യത്തെ മൊബിലിറ്റി മേഖലയിൽ നവീകരണം പ്രോത്സാഹിപ്പിക്കുന്ന പ്രധാന സംരംഭമായി ഈ പ്രോഗ്രാം മാറിയിട്ടുണ്ട്. ഇതുവരെ കണക്റ്റഡ് മൊബിലിറ്റി, ഇലക്ട്രിക് വാഹനങ്ങൾ, കൃത്രിമബുദ്ധി, സുസ്ഥിര വികസനം എന്നീ മേഖലകളിൽ നിന്നായി 1,680ലധികം സ്റ്റാർട്ടപ്പ് അപേക്ഷകൾ ഈ പരിപാടിക്ക് ലഭിച്ചിട്ടുണ്ട്. വ്യവസായ വൈദഗ്ധ്യവും യഥാർത്ഥ ബിസിനസ് വെല്ലുവിളികളും സാങ്കേതിക വിദഗ്ദ്ധരുമായി ബന്ധിപ്പിക്കുന്നതിലൂടെ പുതിയ പരിഹാരങ്ങൾ പരീക്ഷിച്ച് ഉറപ്പുവരുത്താൻ സ്റ്റാർട്ടപ്പുകളെ സഹായിക്കുകയും, തദ്ദേശീയമായ സാങ്കേതിക വികസനത്തിന് വേഗം കൂട്ടുകയും ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

# ഉപഭോക്തൃ ആശയവിനിമയത്തിൽ വിപ്ലവകരമായ മാറ്റവുമായി കെഎസ്‌യുഎം സ്റ്റാർട്ടപ്പ് ഓൾ ഇൻ സോൺ

**കൊച്ചി:** വെബ്സൈറ്റ് സന്ദർശകരുമായുള്ള ആശയവിനിമയം കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കാൻ പുതിയ ക്ലൗഡ് അധിഷ്ഠിത ഡിജിറ്റൽ ഇൻറർകോം പ്ലാറ്റ്ഫോമായ 'കോളി360' വിപണിയിലെത്തി. കേരള സ്റ്റാർട്ടപ്പ് മിഷൻറെ യുണീക് ഐഡി സ്റ്റാർട്ടപ്പായ ഓൾ ഇൻ സോൺ പ്രൈവറ്റ് ലിമിറ്റഡ് ആണ് പുതിയ ഉത്പന്നം വികസിപ്പിച്ചെടുത്തത്.

വെബ്സൈറ്റ് സന്ദർശനത്തിൽ നിന്നും പുതിയ വാണിജ്യ സാധ്യതകൾ തേടുന്നതിനായി നിലവിൽ ഉപയോഗിച്ചു വരുന്ന പരമ്പരാഗത കോൺടാക്റ്റ് ഫോമുകൾ, ചാറ്റ്ബോട്ടുകൾ, സങ്കീർണ്ണമായ ഹാർഡ് വെയർ ഇൻറർകോം വയറിംഗുകൾ എന്നിവ പൂർണമായി ഒഴിവാക്കാൻ കോളി360 ലൂടെ സാധിക്കുമെന്ന് ഓൾ ഇൻ സോൺ സ്ഥാപകൻ നിതിൻ പത്രോസ് പറഞ്ഞു. ഇതിനു പകരമായി വെബ് ബ്രൗസറിലൂടെ നേരിട്ട് ഓഡിയോ, വീഡിയോ കോളുകളും എൻക്രിപ്റ്റഡ് തത്സമയ ചാറ്റും സാധ്യമാക്കുന്ന സംവിധാനമാണിതെന്നും അദ്ദേഹം പറഞ്ഞു.

ഉപയോക്താക്കൾക്കോ സന്ദർശകർക്കോ പ്രത്യേക ആപ്പുകൾ ഡൗൺലോഡ് ചെയ്യാതെ തന്നെ ഒറ്റ ക്ലിക്കിലൂടെ സ്ഥാപനങ്ങളുമായോ ഉപഭോക്താക്കളുമായോ പരസ്പരം ബന്ധപ്പെടാൻ കോളി360 വഴി സാധിക്കുന്നു. വ്യക്തിഗത ഫോൺ നമ്പറുകൾ നൽകാതെ തന്നെ തികച്ചും സ്വകാര്യത ഉറപ്പാക്കുന്ന ഡിജിറ്റൽ ഇൻറർകോം ഐഡി, എൻഎഫ്സി, ക്യുആർ കോഡ് സംവിധാനങ്ങൾ എന്നിവ ഇതിന്റെ പ്രത്യേകതയാണ്.

ഓരോ ഇൻകമിങ് കോളും തനിയെ ഉപഭോക്തൃ സൂചകങ്ങളാക്കി മാറ്റുന്ന ഓട്ടോമേറ്റഡ് ലീഡ് ക്യാപ്ചർ, ഗൂഗിൾ ഇമെയിൽ വെരിഫിക്കേഷനിലൂടെ ആധികാരികത ഉറപ്പാക്കുന്ന ട്രസ്റ്റ് ബാഡ്ജ്, സ്മാർട്ട് കോൾ റൂട്ടിംഗ് തുടങ്ങിയ സംവിധാനങ്ങളും ഈ പ്ലാറ്റ്ഫോമിലുണ്ട്. വേർഡ്പ്രസ്സ്, ഷോപ്പിഫൈ, വിക്സ് തുടങ്ങി ഏത് വെബ്സൈറ്റുകളിലും വളരെ എളുപ്പത്തിൽ കോളി360 കൂട്ടിച്ചേർക്കാവുന്നതാണ്. വീടുകൾ, അപ്പാർട്ട്മെൻറുകൾ, ഓഫീസുകൾ, ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്കെല്ലാം ഇത് ഒരുപോലെ പ്രയോജനകരമാണ്. ബിഗ് ഡാറ്റാ പ്രോസസിംഗ്, ഐടി മേഖലകളിൽ പ്രവർത്തിക്കുന്ന കമ്പനിയാണ് ഓൾ ഇൻ സോൺ പ്രൈവറ്റ് ലിമിറ്റഡ്. കൂടുതൽ വിവരങ്ങൾ www.cally360.com എന്ന വെബ്സൈറ്റിലൂടെയും ceo@cally360.com എന്ന ഇമെയിൽ വഴിയും ലഭ്യമാണ്.

# ഒപ്പോ കെ14 പ്ലസ് പുറത്തിറക്കി

**തിരുവനന്തപുരം:** ഒപ്പോ ഇന്ത്യ തങ്ങളുടെ പുതിയ സ്മാർട്ട്ഫോണായ ഒപ്പോ കെ14 പ്ലസ് വിപണിയിൽ അവതരിപ്പിച്ചു. മികച്ച പ്രകടനവും ദീർഘകാല ഈടും ലക്ഷ്യമിട്ട് നിർമ്മിച്ചിരിക്കുന്ന ഈ ഫോൺ സാങ്കേതികവിദ്യയുടെ പുതിയൊരു അനുഭവമാണ് ഉപഭോക്താക്കൾക്ക് സമ്മാനിക്കുന്നത്. ശക്തമായ ഫീച്ചറുകളോടെ എത്തുന്ന ഈ സ്മാർട്ട്ഫോൺ ദൈനംദിന ഉപയോഗത്തിന് ഏറെ അനുയോജ്യമാണ്.




കരുത്തുറ്റ മീഡിയടെക് ഡൈമെൻസിറ്റി പ്രൊസസറും ഉയർന്ന റിഫ്രെഷ് റേറ്റുള്ള ഡിസ്പ്ലേയും കെ14 ഫോണിന്റെ സവിശേഷതയാണ്. കൂടാതെ, ദീർഘനേരം ചാർജ് നിൽക്കുന്ന 8000 എംഎഎച്ച് ബാറ്ററിയും മികച്ച ചിത്രങ്ങൾ പകർത്താൻ സഹായിക്കുന്ന ക്യാമറയും ഇതിന്റെ പ്രധാന ആകർഷണങ്ങളാണ്. സോളാർ ഓറഞ്ച്, സ്റ്റാർ വൈറ്റ് എന്നീ രണ്ട് ആകർഷകമായ നിറങ്ങളിൽ ഈ സ്മാർട്ട്ഫോൺ ലഭ്യമാകും.

വില വിവരങ്ങൾ പരിശോധിക്കുമ്പോൾ 6ജിബി+128ജിബി വേരിയന്റിന് 29,999 രൂപയും, 8ജിബി+128ജിബി വേരിയന്റിന് 32,999 രൂപയും,8ജിബി+256ജിബി വേരിയന്റിന് 35,999 രൂപയുമാണ് വില വരുന്നത്. പ്രമുഖ ഓൺലൈൻ ഷോപ്പിംഗ് സ്റ്റോറുകൾ വഴി ഉപഭോക്താക്കൾക്ക് ഫോൺ വാങ്ങുമ്പോൾ ബാങ്ക് കിഴിവുകളും മറ്റ് ഓഫറുകളും വഴി കൂടുതൽ ആകർഷകമായ വിലയിൽ ഇത് സ്വന്തമാക്കാൻ സാധിക്കും.

# ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവലിൽ

**തിരുവനന്തപുരം:** ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ സെയിലിനോടനുബന്ധിച്ച് ഉപഭോക്താക്കൾക്കായി വൻ ആനുകൂല്യങ്ങളും ക്യാഷ്ബാക്ക് ഓഫറുകളും പ്രഖ്യാപിച്ച് ആമസോൺ പേ. ഷോപ്പിംഗ്, യാത്രാ ബുക്കിംഗുകൾ, പ്രതിദിന ഡിജിറ്റൽ ഇടപാടുകൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ പണം ലാഭിക്കാൻ 6 പ്രധാന വഴികളാണ് ആമസോൺ ഒരുക്കിയിരിക്കുന്നത്.

ആമസോൺ പേ ഐസിഐസിഐ ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോക്താക്കൾക്ക് സാധാരണ ലഭിക്കുന്ന 5 ശതമാനത്തിന് പുറമെ അധിക ക്യാഷ്ബാക്ക് നേടാം. വൻകിട പർച്ചേസുകൾ എളുപ്പമാക്കുന്ന ആമസോൺ പേ ലെറ്റർ വഴി 60,000 രൂപ വരെ തൽക്ഷണ ക്രെഡിറ്റും 10 ശതമാനം വരെ ക്യാഷ്ബാക്കും ലഭ്യമാണ്. യാത്രകൾ പ്ലാൻ ചെയ്യുന്നവർക്കായി ഫ്ലൈറ്റ് ടിക്കറ്റുകൾക്ക് 23 ശതമാനവും ഹോട്ടൽ ബുക്കിംഗുകൾക്ക് 75 ശതമാനവും ബസ് ടിക്കറ്റുകൾക്ക് 17 ശതമാനം വരെയുമുള്ള തള്ളബടികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ ആമസോൺ പേ വാലറ്റ് ആദ്യമായി ഉപയോഗിക്കുന്നവർക്ക് 300 രൂപ ആഡ് ചെയ്യുമ്പോൾ 75 രൂപ ക്യാഷ്ബാക്ക് ലഭിക്കും. അമസോൺ പേ യുപിഐ വഴി പണമയക്കുന്നതിനും സ്കാൻ ചെയ്ത് പണം നൽകുന്നതിനും ആദ്യമായി യുപിഐ ഐഡി ക്രിയേറ്റ് ചെയ്യുന്നവർക്കും പ്രത്യേക ബോണസുകളുണ്ട്. പതിവായി ആമസോൺ പേ ഉപയോഗിക്കുന്നവർക്ക് 'റിവാർഡ്സ് ഗോൾഡ്' പ്രോഗ്രാമിലൂടെ 5 ശതമാനം വരെ ഉറപ്പായ ക്യാഷ്ബാക്കും നേടാവുന്നതാണ്. ഓഫറുകളുടെ വിശദാംശങ്ങളും നിബന്ധനകളും ആമസോൺ ആപ്പിൽ ലഭ്യമാണ്.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ലാഭം 196.5% വർധിച്ചു

**കൊച്ചി:** ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ 202627 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 196.5 ശതമാനം വർധിച്ച് 1,045 കോടി രൂപയായി. തുടർച്ചയായ രണ്ടാം പാദത്തിലും അറ്റാദായം 1,000 കോടി രൂപ കടന്നു. സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ബാങ്കിന്റെ അറ്റാദായം 2,120 കോടി രൂപയായി. മൊത്തം നിക്ഷേപങ്ങൾ വാർഷികാടിസ്ഥാനത്തിൽ 25.9 ശതമാനം വർധിച്ച് 3,48,583 കോടി രൂപയിലെത്തി. വായ്പകളും മുൻകൂറുകളും 30.1 ശതമാനം വർധിച്ച് 3,46,913 കോടി രൂപയായി. ബാങ്കിന്റെ മൊത്തം കിട്ടാക്കടം 1.32 ശതമാനവും അറ്റ കിട്ടാക്കടം 0.40 ശതമാനവുമാണ്. എസ് ആൻഡ് പി ഗ്ലോബൽ റേറ്റിംഗ്സ് ബാങ്കിന് ആദ്യമായി 'BBB-' ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് റേറ്റിംഗ് അനുവദിച്ചു.

# രണ്ടാം പാദത്തിൽ പേടിഎമ്മിന് 225 കോടി രൂപ ലാഭം

**കൊച്ചി:** 2026 27 സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ പേടിഎം 225 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. കമ്പനിയുടെ പ്രവർത്തന വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 28 ശതമാനം വർധിച്ച് 2,648 കോടി രൂപയായി. എബിറ്റ്ഡ 90 ശതമാനം ഉയർന്ന് റെക്കോർഡ് 270 കോടി രൂപയിലെത്തി. എബിറ്റ്ഡ മാർജിൻ ആദ്യമായി 10 ശതമാനത്തിലെത്തി. സാമ്പത്തിക സേവനങ്ങളുടെ വിതരണ വരുമാനം 49 ശതമാനം വർധിച്ച് 912 കോടി രൂപയായി. സബ്സ്ക്രിപ്ഷൻ പ്ലാനിലുള്ള വ്യാപാരികളുടെ എണ്ണം 27 ലക്ഷം വർധിച്ച് 1.64 കോടിയിലെത്തി. പേടിഎമ്മിന്റെ യുപിഐ ഇടപാടുകൾ മുൻവർഷത്തെ അപേക്ഷിച്ച് 42 ശതമാനം വളർച്ച രേഖപ്പെടുത്തി. പ്രതിമാസ ഇടപാടുകാരുടെ എണ്ണം ഒരു കോടി വർധിച്ച് 8.5 കോടിയിലെത്തി.